ഉത്തരം

(എ) സർക്കാരിന്റെ 12-1-2012-ലെ സ.ഉ (സാധാ) നമ്പർ. 135/12/തസ്വഭവ ഉത്തരവു പ്രകാരം ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 27-3-2013-ലെ ഇ 12-19802/2011-ാം നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഗ്രാമയാത്ര പരാതി പരിഹാരസെല്ലും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുകവഴി ഗ്രാമസഭകളെ ശാക്തീകരിക്കുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെ ടി മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിലാണ് ഗ്രാമയാത്ര നടത്തുന്നത്. ഇപ്രകാരം 30 നിയമസഭാമണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്രാപദ്ധതി പൂർത്തിയായിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലും ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

മുൻപഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ

223 (3200) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ; ഇത് എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) മുൻപഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly